**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

07.03.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1729

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഗവണ്മെന്റ് ആശുപത്രികളുടെ വികസനം

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഗവണ്മെന്റ് ആശുപത്രികളുടെ വികസനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ), (ബി), (സി) & (ഡി) | ചിറ്റൂർ നിയോജകമണ്ഡലത്തിനു കീഴിലുള്ള ഗവണ്മെന്റ് ആശുപത്രികളിൽ നടത്തിയ വികസനത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>ചിറ്റൂർ താലൂക്ക് ഹോസ്പിറ്റൽ<br><br>➢ ചിറ്റൂർ താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇവിടെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ന്റെ രണ്ട് തസ്തികയും ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയും ഇ.സി.ജി.ടെക്നീഷ്യൻ ഗ്രേഡ് II, മെക്കാനിക്കൽ ഗ്രേഡ് II എന്നിവയിൽ ഓരോ തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.<br><br>➢ ചിറ്റൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 45 ലക്ഷം രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>➢ ബെഡ് സ്റ്റോറേജ് നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി അനുവദിച്ച 70,000/- രൂപയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>➢ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും കേരള ഹെൽത്ത് വെൽഫയർ സൊസൈറ്റിയും സംയുക്തമായി ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു.<br><br>➢ ആർ.എസ്.ബി.വൈ.ഫണ്ട് ഉപയോഗിച്ച് എഫ്.ഡബ്ല്യൂ സ്റ്റോർ നിർമ്മാണം പുരോഗമിച്ചു വരികയാണ്.<br><br>➢ [illegible] ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വികസന പ്രവർത്തനങ്ങൾക്കായി ആർദ്രം പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ആശുപത്രികൾ ഏതൊക്കെയാണ്; | | |
| (സി) | അധിക തസ്തിക സൃഷ്ടിച്ചിട്ടുള്ള ആശുപത്രികളും, അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | | |
| (ഡി) | ദേശീയ ആരോഗ്യ മിഷന്റെ ഭാഗമായി ചിറ്റൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ടുവർഷം നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | <u>പി.എച്ച്.സി.പൊൽപ്പുള്ളി</u><br>ചിറ്റൂർ എം.എൽ.എ.ശ്രീ.കെ.കൃഷ്ണൻകുട്ടി അവർകളുടെ 2016-17 സാമ്പത്തികവർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പുതിയ കെട്ടിട നിർമ്മാണം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><u>പി.എച്ച്.സി,നല്ലേപ്പിള്ളി</u><br>ഗ്രാമപഞ്ചായത്ത് മുഖേന ഈ സ്ഥാപനത്തിലെ ഫാർമസി സ്റ്റോറിന്റെവിപുലീകരണം നടന്നു വരുന്നു.<br><u>പി.എച്ച്.സി, ഒഴലപ്പതി</u><br>ടി കേന്ദ്രം ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു.<br><u>പി.എച്ച്.സി., പെരുവമ്പ്</u><br>ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഭിന്നശേഷിക്കാർക്കുള്ള ശുചിമുറിയും കൂടാതെ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം ശുചിമുറിയും പണികഴിപ്പിച്ചു.<br><u>പി.എച്ച്.സി.,പെരുമാട്ടി</u><br>ഗ്രാമപഞ്ചായത്ത് മുഖേന ഈ സ്ഥാപനത്തിലെ ഒ.പി.ഹാൾ നവീകരണം നടന്നു വരുന്നു.<br><u>സി.എച്ച്.സി.,കൊഴിഞ്ഞാംപാറ</u><br>ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ഒന്നാം വാർഷിക പദ്ധതി 2017-18 കൊഴിഞ്ഞാംപാറ ആശുപത്രിക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചു. |

സെക്ഷൻ ഓഫീസർ